കവർസ്റ്റോറി

## പാകിസ്താൻ

# ദുരന്തമൊഴിഞ്ഞു; പ്രശ്നങ്ങൾ ബാക്കി

സ്റ്റാഫ് ലേഖകൻ


നവാസ് ശരീഫ്

**പുറത്താക്കപ്പെട്ട** സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ ചൗധരിയെ തിരിച്ചെടുക്കാമെന്ന് പാക് ഭരണകൂടം സമ്മതിച്ചതോടെ പാകിസ്താനിൽ ആഭ്യന്തര കലാപത്തിന് വഴിയൊരുക്കുമായിരുന്ന ഏറ്റുമുട്ടൽ താൽക്കാലികമായെങ്കിലും ഒഴിവായി. ജനറൽ മുശർറഫ് പിരിച്ചുവിട്ട ജഡ്ജിമാരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട്, ആസിഫ് അലി സർദാരി പാക് പ്രസിഡന്റ് പദം ഏറ്റെടുത്ത ശേഷവും ജഡ്ജിമാരും അഭിഭാഷകരും പ്രക്ഷോഭം തുടരുകയായിരുന്നു. ജഡ്ജിമാരുടെ കൂട്ട പിരിച്ചുവിടൽ മുഖ്യപ്രശ്നമായി ഏറ്റെടുത്തുകൊണ്ടാണ് പ്രധാന കക്ഷികളായ പി.പി.പിയും മുസ്‌ലിം ലീഗും കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനെ നേരിട്ടത്. ഇരു കക്ഷികളിൽ ആര് അധികാരത്തിലെത്തിയാലും ഈ പ്രശ്നത്തിന് ഉടനടി പരിഹാരമുണ്ടാവുമെന്ന് ജനം ന്യായമായി പ്രതീക്ഷിക്കുകയും ചെയ്തു. പക്ഷേ വളരെ സമർഥമായി പി.പി.പിയുടെ നേതൃത്വവും പാക് പ്രസിഡന്റ് സ്ഥാനവും കൈപിടിയിലൊതുക്കിയ സർദാരി തെരഞ്ഞെടുപ്പ് കാലത്ത് നൽകിയ വാഗ്ദാനങ്ങളിൽനിന്നൊക്കെ പിന്നാക്കം പോവുകയായിരുന്നു.

മുശർറഫിന്റെ സകല സ്വേഛാധികാരങ്ങളും സർദാരി നിലനിർത്തി. ഒപ്പം ഇഫ്തിഖാർ ചൗധരിയെ ചീഫ് ജസ്റ്റിസായി നിയമിക്കാതിരിക്കാൻ കരുക്കളും നീക്കി. ഇതാണ് നവാസ് ശരീഫും സർദാരിയും വഴിപിരിയാൻ കാരണമായത്. നവാസ് ശരീഫാകട്ടെ വലിയ ഏറ്റുമുട്ടലുകൾക്കൊന്നും നിൽക്കാതെ പ്രസ്താവനായുദ്ധത്തിൽ പ്രതിഷേധം ഒതുക്കി കഴിഞ്ഞുകൂടുകയായിരുന്നു. അപ്പോഴാണ് പ്രത്യേകിച്ച് പ്രകോപനമൊന്നുമില്ലാതെ കഴിഞ്ഞ മാസം സർദാരി പഞ്ചാബ് പ്രവിശ്യാഭരണത്തിൽനിന്ന് മുസ്‌ലിംലീഗിനെ പുറത്താക്കിയത്. നവാസ് ശരീഫിനെയും സഹോദരൻ ശഹ്ബാസി

നെയും ഭരണഘടനാ പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ കൈയേൽക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. സർദാരിയുടെ ഏറ്റവും വലിയ രാഷ്ട്രീയ മണ്ടത്തരമായി ഇതിനെ വിശേഷിപ്പിക്കാം. പഞ്ചാബ് ഗവർണർ തെറ്റായ വിവരങ്ങൾ നൽകി പ്രസിഡന്റിനെ വഴിതെറ്റിച്ചതാണെന്നും റിപ്പോർട്ടുണ്ട്.

ഏതായാലും നവാസ് ശരീഫും മറ്റു പ്രതിപക്ഷ നേതാക്കളും അവസരം ശരിക്കും മുതലെടുത്തു. ലാഹോറിൽനിന്ന് ഇസ്‌ലാമാബാദിലേക്ക് 'ലോംഗ് മാർച്ച്' നടത്തുമെന്ന് നവാസ് ശരീഫ് പ്രഖ്യാപിച്ചു. അഭിഭാഷകരും മനുഷ്യാവകാശ പ്രവർത്തകരും പൊതുജനങ്ങളും കൂട്ടത്തോടെ തെരുവിലിറങ്ങി. പ്രകടനക്കാരെ നേരിടാൻ ഇസ്‌ലാമാബാദിൽ വൻ സജ്ജീകരണങ്ങളൊരുക്കി. നഗരം കർഫ്യൂ പ്രഖ്യാപിക്കപ്പെട്ട പോലെ വിറങ്ങലിച്ചുനിന്നു.

ഇഫ്തിഖാർ ചൗധരി ഉൾപ്പെടെയുള്ള ജഡ്ജിമാരെ തിരിച്ചെടുക്കാമെന്ന ഗവൺമെന്റ് പ്രഖ്യാപനത്തോടെ വലിയൊരു ദുരന്തം ഒഴിഞ്ഞ ആശ്വാസത്തിലാണ് പാകിസ്താനികൾ. നവാസ് ശരീഫ് ലോംഗ് മാർച്ച് നിർത്തിവെക്കുകയും ചെയ്തു. സംഭവങ്ങൾ വിലയിരുത്തുമ്പോൾ ഏറ്റവും കൂടുതൽ ക്ഷതമേറ്റത് സർദാരിക്കാണെന്ന് കാണാം.

പി.പി.പിയുടെ നയങ്ങളല്ല, തന്റെ തന്നിഷ്ടങ്ങളായിരുന്നു സർദാരി ഇതുവരെ നടപ്പാക്കിക്കൊണ്ടിരുന്നത്. ഇഫ്തിഖാർ ചൗധരി തിരിച്ചുവരുന്നതോടെ തന്റെ പഴയ അഴിമതിക്കഥകൾ അദ്ദേഹം വീണ്ടും പൊടിതട്ടി പുറത്തെടുക്കുമെന്ന് സർദാരി ന്യായമായും ഭയന്നു. മുശർറഫുമായി ഉണ്ടാക്കിയ ചില രഹസ്യ കരാറുകളിലൂടെയാണ് അഴിമതിയുടെ പേരിൽ നാട് വിടേണ്ടിവന്ന സർദാരിക്കും കുടുംബത്തിനും തിരിച്ചുവരാൻ കഴിഞ്ഞത്. അതിന്റെ നിയമസാധുതയും ചൗധരി ചോദ്യം ചെയ്തേക്കും. ഇതൊക്കെയാണ് ജനാഭിലാഷത്തിനെതിരെ നീങ്ങാൻ സർദാരിയെ നിർബന്ധിച്ചത്. പക്ഷേ, സർദാരി നിരുപാധികം കീഴടങ്ങുന്നതും പാർട്ടിയിൽ ഒറ്റപ്പെടുന്നതുമാണ് നാം ഒടുവിൽ കണ്ടത്. ഇതുവരെ സർദാരിയുടെ പാവയെന്ന് സർവരാലും ആക്ഷേപിക്കപ്പെട്ട പ്രധാനമന്ത്രി യൂസുഫ് റസാ ഗീലാനിയാണ് തിരിച്ചെടുക്കൽ പ്രഖ്യാപനം നടത്തിയതെന്നാണ് ഏറെ ശ്രദ്ധേയം. ഗീലാനി മേൽക്കൈ നേടുന്നതിന്റെ സൂചനയായി ഇതിനെ കാണാം. സർദാരിയുടെ നാളുകൾ എണ്ണപ്പെട്ടു എന്നുവരെ ചില രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നുണ്ട്.



യൂസുഫ് റസാ ഗീലാനി



സർദാരി

**സർദാരി നിരുപാധികം കീഴടങ്ങുന്നതും പാർട്ടിയിൽ ഒറ്റപ്പെടുന്നതുമാണ് നാം ഒടുവിൽ കണ്ടത്. ഇതുവരെ സർദാരിയുടെ പാവയെന്ന് സർവരാലും ആക്ഷേപിക്കപ്പെട്ട പ്രധാനമന്ത്രി യൂസുഫ് റസാ ഗീലാനിയാണ് തിരിച്ചെടുക്കൽ പ്രഖ്യാപനം നടത്തിയതെന്നാണ് ഏറെ ശ്രദ്ധേയം. ഗീലാനി മേൽക്കൈ നേടുന്നതിന്റെ സൂചനയായി ഇതിനെ കാണാം. സർദാരിയുടെ നാളുകൾ എണ്ണപ്പെട്ടു എന്നുവരെ ചില രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നുണ്ട്.**

വൻ നേട്ടമുണ്ടാക്കിയത് നവാസ് ശരീഫിന്റെ മുസ്‌ലിംലീഗ് തന്നെ. ജനങ്ങളെ തെരുവിലിറക്കാൻ ആ പാർട്ടിക്ക് കഴിവില്ലെന്ന് വിമർശിക്കുന്നവരുടെ വായടക്കാൻ തൽക്കാലത്തേക്കെങ്കിലും അവർക്ക് സാധിച്ചു. പക്ഷേ, പഞ്ചാബിൽ പിരിച്ചുവിടപ്പെട്ട തങ്ങളുടെ ഗവൺമെന്റിന്റെ ഭാവി എന്തായിരിക്കുമെന്ന് ഇനിയും തീരുമാനമായിട്ടില്ല. പഞ്ചാബ് ഗവർണർ സൽമാൻ തഅ്സീർ രാജിവെക്കുമോ എന്നും വ്യക്തമല്ല. അസംബ്ലി പിരിച്ചുവിടാതെ, വീണ്ടും മുസ്‌ലിംലീഗിന് ഗവൺമെന്റുണ്ടാക്കാൻ അവസരം നൽകുകയും നവാസ് ശരീഫിനും സഹോദരനും വിലക്കേർപ്പെടുത്തിയത് നീക്കുകയും ചെയ്തില്ലെങ്കിൽ പ്രശ്നം ഇനിയും നീറിപ്പിടിക്കുമെന്ന് ഉറപ്പ്.

മാർച്ച് 21ന് മുശർറഫ് അവരോധിച്ച ജസ്റ്റിസ് സോഗർ ചീഫ് ജസ്റ്റിസ് പദവിയിൽനിന്ന് വിരമിക്കുമെന്നും തൽസ്ഥാനത്ത് ചൗധരിയെ നിയമിക്കാമെന്നുമാണ് ധാരണയായിട്ടുള്ളത്. സോഗറിനോടൊപ്പം മറ്റു ചിലരെയും മുശർറഫ് കോടതികളിൽ പ്രതിഷ്ഠിച്ചിരുന്നു. അവരുടെ ഭാവി എന്താവും? പുറത്താക്കപ്പെട്ട എല്ലാ ജഡ്ജിമാരെയും തിരിച്ചെടുക്കുമോ? ഇങ്ങനെ ഉത്തരമില്ലാത്ത നിരവധി ചോദ്യങ്ങൾ ബാക്കിയാണ്. ഇനിയുമൊരു പ്രക്ഷോഭത്തിന് ഇന്ധനമാവാൻ ഇവക്ക് കഴിയും. ഒരു താൽക്കാലിക വെടിനിർത്തൽ എന്നേ കരുതേണ്ടതുള്ളൂ. ഭീകരത, സാമ്രാജ്യത്വ ദാസ്യം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളൊക്കെ അതേപടി കിടക്കുകയാണ്. ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് ഈ പ്രശ്നങ്ങൾ രാജ്യത്ത് സ്ഫോടനാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടേയിരിക്കും. ■

(18.3.2009)